ശ്രീ. വി. ഡി. സതീശൻ: സർ, സബ്ജക്ട് കമ്മിറ്റി റിപ്പോർട്ട് ചെയ്ത പ്രകാരമുള്ള 2012-ലെ കേരള ധനകാര്യ ബിൽ വീണ്ടും അതേ സബ്ജക്ട് കമ്മിറ്റിയുടെ പരിഗണനയ്ക്ക് അയയ്ക്കണമെന്ന 2(ബി) ഭേദഗതി ഞാൻ അവതരിപ്പിക്കുന്നു. 1500 കോടി രൂപയിലധികം അധിക വിഭവ സമാഹരണവും 350 കോടി രൂപയോളം ഇളവുകളുമുള്ള നികുതി നിർദ്ദേശങ്ങളും നികുതിയിളവുകളും, 7 പ്രധാനപ്പെട്ട ആക്ടുകൾ ഭേദഗതി ചെയ്തുകൊണ്ടാണ് ഈ ഫിനാൻസ് ബിൽ അവതരിപ്പിച്ചിരിക്കുന്നത്. ഇവിടെ ആദ്യം ഡിസന്റ് മൂവ് ചെയ്തുകൊണ്ട് സംസാരിച്ച പ്രൊഫ. സി. രവീന്ദ്രനാഥ് ചില കാര്യങ്ങൾ പറഞ്ഞു. അദ്ദേഹത്തിന്റെ വാദം മൂലധന നിക്ഷേപം കൂടണമെന്നും കടം വാങ്ങുന്നത് മൂലധന നിക്ഷേപത്തിനുവേണ്ടിയാകണമെന്നും ടാക്സ് കൂട്ടരുതെന്നുമാണ്. ഇന്ന് രാവിലെ പ്രതിപക്ഷമെടുത്ത സമീപനം പെൻഷൻ പ്രായം കൂട്ടരുതെന്നും അതിന്റെ ബാധ്യതകൾ കൂടി സർക്കാർ ഏറ്റെടുക്കണമെന്നുമാണ്. ബഹുമാനപ്പെട്ട മുഖ്യമന്ത്രി ഇന്ന് മറുപടി പറഞ്ഞപ്പോൾ സംസ്ഥാനത്തിന്റെ 75 മുതൽ 80 ശതമാനം വരെയുള്ള വരുമാനം ചെലവഴിക്കുന്നത് കടം വാങ്ങിയതിന്റെ പലിശ കൊടുക്കാനും പെൻഷനും ശമ്പളത്തിനും വേണ്ടിയാണെന്നുമാണ് പറഞ്ഞത്. ക്രിയാത്മകമായ പുനർ നിർമ്മാണ പ്രവർത്തനങ്ങൾ നടത്തുന്നതിന് പണം വിനിയോഗിക്കണം. പക്ഷേ അതിനുള്ള സാദ്ധ്യതകൾ കണ്ടെത്തിയാൽ, അത് നടപ്പിലാക്കാൻ സമ്മതിക്കില്ല, നികുതി കൂട്ടാൻ പാടില്ല, മൂലധന നിക്ഷേപം വേണം. എവിടെനിന്നാണ് പണമുണ്ടാകുന്നത്? ഒരു

സംസ്ഥാനത്തിന്റെ സമ്പദ് വ്യവസ്ഥയുടെ വളർച്ചയിലൂടെയുണ്ടാകുന്ന പണം മാർജിനായെടുത്തുകൊണ്ട് മാത്രമേ സാമൂഹ്യ ക്ഷേമ പദ്ധതികളും ജനങ്ങളെ ആശ്വസിപ്പിക്കുന്ന പദ്ധതികളും പരിപാടികളും നടപ്പിലാക്കാൻ കഴിയുകയുള്ളൂ. ക്രിയാത്മകമായ മൂലധന നിക്ഷേപമുൾപ്പെടെയുള്ള കാര്യങ്ങൾ നടത്തുകയും ആശ്വാസ നടപടികൾ സ്വീകരിക്കുകയും സാമൂഹ്യക്ഷേമ പരിപാടികൾ നടത്തുകയും ചെയ്യണമെങ്കിൽ സമ്പദ് വ്യ വസ്ഥ വളരുകയും അതോടൊപ്പമുള്ള നികുതി വരുമാനം വർദ്ധിക്കു കയും വേണം. ഇവർ പറയുന്നതുപോലെ നികുതി കൂട്ടാതെ മൂലധന നിക്ഷേപം വർദ്ധിപ്പിക്കാനോ പെൻഷനുൾപ്പെടെയുള്ള കാര്യങ്ങൾ നടപ്പി ലാക്കാനോ കഴിയുകയില്ലെന്നുള്ള യാഥാർത്ഥ്യം നമ്മൾ മനസ്സിലാക്കണം. എന്റെ അഭിപ്രായത്തിൽ പരമ്പരാഗതമായ രീതിയിലാണ് നമ്മുടെ നികുതി നിർദ്ദേശങ്ങൾ ഇപ്പോൾ നടപ്പിലാക്കുന്നത്. നമ്മുടെ മാർക്കറ്റിനെക്കുറിച്ച് യാതൊരു പഠനവും നടത്താതെ വളരെ അശാസ്ത്രീയമായ നികുതി നിർദ്ദേശങ്ങളാണ് മാറിമാറി വരുന്ന സർക്കാരുകൾ നടത്തുന്നത്. ഒരു സിവിലൈസ്ഡ് സൊസൈറ്റിയിൽ ഒരു കാരണവശാലും നികുതി നിർദ്ദേ ശങ്ങളേർപ്പെടുത്തുന്നത് അത്തരം അശാസ്ത്രീയമായ, പരമ്പരാഗതമായ മാർഗ്ഗങ്ങൾ ഉപയോഗിച്ചുകൊണ്ടാകരുത്. ഇവിടെ സർക്കാരുകൾ തന്നെ യാണ് യഥാർത്ഥത്തിൽ ടാക്സ് വെട്ടിക്കാനുള്ള മാർഗ്ഗങ്ങളുണ്ടാക്കുന്നത്. നികുതി നിർദ്ദേശങ്ങളുടെ അശാസ്ത്രീയതയാണ് ടാക്സ് വെട്ടിക്കാനുള്ള വാതിലുകൾ തുറന്നുകൊടുക്കുന്നത്. ഇവിടെ ആധുനികമായ നികുതി സമ്പ്രദായമെന്ന് പറയുന്നത് ഏറ്റവും കുറച്ച് ടാക്സ് ഈടാക്കുക, അതേ

യവസരത്തിൽ ആ ടാക്സിന്റെ നെറ്റ് വർക്ക് വിപുലമാക്കുക എന്നുള്ള ശാസ്ത്രീയമായ സമീപനമാണ്. എപ്പോഴും നികുതി വർദ്ധിപ്പിക്കുമ്പോൾ യഥാർത്ഥത്തിൽ അത് ടാക്സ് വെട്ടിപ്പ് നടത്താൻ ആളുകളെ പ്രേരിപ്പിക്കും. ടാക്സ് കുറവാണെങ്കിൽ ടാക്സ് അടയ്ക്കാനും നിയമം അനുസരിക്കാനും പൗരൻമാരെ പ്രേരിപ്പിക്കും. ലോക വ്യാപകമായി അംഗീകരിച്ചിട്ടുള്ള നികുതി സമ്പ്രദായത്തിന്റെ ഏറ്റവും ആധുനികമായ അടിസ്ഥാനതത്വം നികുതി കുറച്ച് നികുതിയുടെ നെറ്റ് വർക്ക് വിപുലമാക്കി വരുമാനം വർദ്ധിപ്പിക്കുകയെന്നതാണ്. നമ്മളിപ്പോഴും പിന്തുടരുന്നത് അശാസ്ത്രീയമായ സമ്പ്രദായം തന്നെയാണ്. ഓരോ ഐറ്റത്തിനും നികുതി ഏർപ്പെടുത്തുന്നതിനുമുമ്പ് ആ ഐറ്റത്തിന് 1 ശതമാനം നികുതി കൂട്ടിയാൽ മാർക്കറ്റിലുണ്ടാകുന്ന പ്രതിഫലനമെന്തായിരിക്കുമെന്നുള്ള impact study ബഡ്ജറ്റിനുമുമ്പ് നടത്താനുള്ള ഒരു ശാസ്ത്രീയമായ സമ്പ്രദായം ഏർപ്പെടുത്തണം. ഒരു ഐറ്റത്തിന്റെ നികുതി 1 ശതമാനം കൂട്ടുകയോ കുറയ്ക്കുകയോ ചെയ്താൽ മാർക്കറ്റിലുണ്ടാകുന്ന impact എന്താണ്; മാർക്കറ്റിൽ വിലക്കയറ്റമുണ്ടാക്കുമോ; നമ്മുടെ നികുതി വരുമാനം ചോർന്നുപോകുമോ എന്നൊക്കെ മനസ്സിലാക്കണം. നികുതി വർദ്ധിപ്പിച്ചതുകൊണ്ടുമാത്രം നികുതി വരുമാനം വർദ്ധിക്കണമെന്നില്ല. പലപ്പോഴും നികുതി വർദ്ധിപ്പിക്കുമ്പോൾ നികുതി വരുമാനം കുറഞ്ഞുവരുന്നതായിട്ടാണ് കാണുന്നത്. കാരണം നികുതി കൂടുതലായാൽ അത് അടയ്ക്കാതിരിക്കാൻ ആളുകൾ ശ്രമിക്കും. പക്ഷേ റീസണബിളായ നികുതി

നിർദ്ദേശമാണെങ്കിൽ നമുക്ക് അടയ്ക്കാൻ കഴിയുന്നതാണെന്ന് പറഞ്ഞ് അത് അടയ്ക്കും. ഉദാഹരണത്തിന് ചില ഐറ്റങ്ങൾക്ക് 20 ശതമാനം ടാക്സ് ഏർപ്പെടുത്തുന്നു. ലിക്കറിനല്ലാതെ കേരളത്തിൽ ഒരു പ്രോഡക്ടിനും 20 ശതമാനം ടാക്സ് നടപ്പിലാക്കാൻ പറ്റില്ല. എങ്ങനെയാണ് കിട്ടുന്നത്? ഒരു കോടി രൂപ ഇൻവെസ്റ്റ് ചെയ്ത് ഒരാൾ ഒരു ബിസിനസ്സ് തുടങ്ങുന്നു. 99 ശതമാനം ആളുകളും ലോണെടുത്തായിരിക്കും ബിസിനസ്സ് തുടങ്ങുന്നത്. ഒരു വർഷം 15 ശതമാനം മുതൽ 20 ശതമാനം വരെ ലോണിന് പലിശ കൊടുക്കണം. അപ്പോൾ 1 കോടി രൂപ മുടക്കി ബിസിനസ്സ് തുടങ്ങിയാൽ 20 ലക്ഷം രൂപയെങ്കിലും വരുമാനമുണ്ടെങ്കിൽ മാത്രമേ ലോൺ അടയ്ക്കാൻ പറ്റുകയുള്ളൂ. വീണ്ടും 20 ശതമാനം നികുതി വരികയാണ്. 1 കോടി രൂപ മുടക്കിയാൽ 1 വർഷം കൊണ്ട് 40 ലക്ഷം രൂപ ലാഭമുണ്ടാക്കാൻ കഴിയുന്ന ഒരാൾക്ക് മാത്രമേ നികുതി അടയ്ക്കാൻ കഴിയുകയുള്ളൂ. ഒരു വർഷം കൊണ്ട് 1 കോടി രൂപ മുടക്കിയാൽ 40 ലക്ഷം രൂപ വരുമാനമുണ്ടാക്കാൻ കഴിയുന്ന എന്ത് ബിസിനസ്സാണ്, ലിക്കർ ബിസിനസ്സല്ലാതെ, കേരളത്തിലുള്ളത്? രാജ്യസേവനത്തിനുവേണ്ടിയല്ല ബിസിനസ്സ് തുടങ്ങുന്നത്. 5 ശതമാനം മുതൽ 10 ശതമാനം വരെ ലാഭം കിട്ടണം. ബാക്കിയുള്ള ചെലവ്, എസ്റ്റാബ്ലിഷ്മെന്റ് കോസ്റ്റ് ഇവയെല്ലാംകൂടി ഒരു ബിസിനസ്സും നടത്താൻ കഴിയാത്ത സാഹചര്യത്തി

ലേയ്ക്കെത്താൻ വലിയ തോതിലുള്ള നികുതി നിർദ്ദേശങ്ങൾ കാരണമാകുന്നു. അപ്പോൾ 20 ശതമാനം ടാക്സ് അടയ്ക്കുന്നതിനുപകരം ടാക്സ് അടയ്ക്കണ്ടെന്ന് തീരുമാനിക്കും. ടാക്സ് വെട്ടിപ്പ് നടത്തുന്നതിനുള്ള ഏറ്റവും വലിയ പ്രചോദനമുണ്ടാകുന്നത് അമിതമായി ടാക്സ് ഈടാക്കുന്നതാണെന്ന് ലളിതമായ ഗണിതശാസ്ത്രത്തിലൂടെ നമുക്ക് പ്രൂവ് ചെയ്യാൻ കഴിയും. 60 ശതമാനമെങ്കിലും ലാഭമുണ്ടാക്കാൻ കഴിഞ്ഞാൽ മാത്രമേ കേരളത്തിൽ ഒരു ഇൻഡസ്ട്രി നടത്തിക്കൊണ്ടുപോകാൻ കഴിയുകയുള്ളൂ. ശാസ്ത്രീയമായ സമീപനം കൂടാതെ നികുതി നിർദ്ദേശമേർപ്പെടുത്തുന്നതിന്റെ ഫലമായി പല ഇൻഡസ്ട്രികളും പല സെക്ടറുകളും കേരളത്തിൽ തകർന്നുപോകുന്നു എന്നുള്ളതാണ്. ഇവിടെ ഇറച്ചിക്കോഴികളെ അനധികൃതമായി നികുതിവെട്ടിപ്പ് നടത്തി കടത്തിക്കൊണ്ടുവരുന്നതിന്റെ കാരണമെന്താണ്? അതിനെക്കുറിച്ച് ഗവൺമെന്റ് പരിശോധിക്കണം. ടാക്സ് അടച്ചാൽ അവർക്ക് ലാഭകരമായി കൊണ്ടുപോകാൻ കഴിയാത്തതുകൊണ്ടാണ് അങ്ങനെ ചെയ്യുന്നത്. എന്തെങ്കിലും വരുമാനം സർക്കാരിനുണ്ടാകുന്ന തരത്തിൽ ആ ടാക്സ് നിജപ്പെടുത്താൻ നമ്മൾ തയ്യാറാകണം. അതുപോലെ ടാക്സ് വാങ്ങുന്നതിനുവേണ്ടിയുള്ള പുതിയ മേഖലകൾ തുറക്കണം. പുതിയ മേഖലകളൊന്നും നമ്മൾ തുറക്കുന്നില്ല. നികുതി നിർദ്ദേശങ്ങൾക്ക് വിധേയമാകാത്ത നിരവധി മേഖലകൾ നമുക്കുണ്ട്. അതുപോലെ നികുതി വെട്ടിപ്പ് നടക്കുന്ന നിരവധി മേഖലകളുമുണ്ട്.

ശ്രീ. റ്റി. എൻ. പ്രതാപൻ : സർ, സ്വർണ്ണം ഉൾപ്പെടെയുള്ളവയ്ക്ക് നിലവിലുള്ള നികുതി കൂട്ടിയിട്ടും വരുമാനം കൂടുന്നില്ല. നികുതി കൂട്ടിയാൽ വാങ്ങുന്നവരുടെ കയ്യിൽ നിന്നും ടാക്സ് ഈടാക്കാതെയും ബില്ല് കൊടുക്കാതെയും കച്ചവടം നടത്തി നികുതി വെട്ടിക്കാറുണ്ട്. അതുകൊണ്ട് നികുതി വർദ്ധിപ്പിച്ചാലും വരുമാനം കുറയുന്നുണ്ട്. അത്തരത്തിലുള്ള നികുതി ഘടന തെറ്റാണെന്നത് സംബന്ധിച്ച് അങ്ങയുടെ അഭിപ്രായം എന്താണ്?

ശ്രീ. വി.ഡി. സതീശൻ : ഞാൻ അങ്ങ് പറഞ്ഞതിനോട് പൂർണ്ണമായും യോജിക്കുകയാണ്. നികുതി ചോർച്ച തടയണം. യഥാർത്ഥത്തിൽ വാറ്റിന് ഒരു യൂണിഫോം സിസ്റ്റമുണ്ട്. വാറ്റ് ഏർപ്പെടുത്താനുള്ള കാരണം തന്നെ വിവിധ സംസ്ഥാനങ്ങളിൽ ടാക്സ് ഏർപ്പെടുത്തുന്നതിലുണ്ടായ വലിയ വ്യത്യാസം കൊണ്ടാണ്. അത് ഇന്റർ സ്റ്റേറ്റ് സ്മഗ്ലിംഗ് ഉണ്ടാകും. യഥാർത്ഥത്തിലുള്ള നികുതി സമ്പ്രദായങ്ങൾക്കും നികുതി തത്വങ്ങൾക്കും വിരുദ്ധമായിട്ടുള്ള കാര്യങ്ങൾ ഉണ്ടാക്കും. അതുകൊണ്ടാണ് 0%, 1%, 4%, 12.5% എന്നിങ്ങനെ ഷെഡ്യൂൾ ഉണ്ടാക്കിയത്. അത് നമ്മളൊക്കെത്തന്നെ വയലേറ്റ് ചെയ്തു. 20%-ന്റെ പുതിയ ടേബിൾ ഉണ്ടാക്കി. അശാസ്ത്രീയമായ സംവിധാനങ്ങൾ വരുന്നു. ശ്രീ. റ്റി. എൻ. പ്രതാപൻ സൂചിപ്പിച്ചതുപോലെ സമീപ സംസ്ഥാനങ്ങളിൽ 1 ശതമാനമാണ് സ്വർണ്ണത്തിനുള്ള നികുതി. എന്നാൽ കേരളത്തിൽ 4 ശതമാനമാണ് സ്വർണ്ണത്തിനുള്ള നികുതി. യഥാർത്ഥത്തിൽ ഇങ്ങനെ ടാക്സ് വർദ്ധിപ്പിച്ചതുകൊണ്ട് വരുമാനം

വർദ്ധിപ്പിക്കാൻ കഴിഞ്ഞിട്ടുണ്ടോ? ഇവിടെ ധനകാര്യവകുപ്പിന്റെ തന്നെ കണക്കുകൾ വ്യക്തമാക്കുന്നത് 2009-10-ൽ ടേൺ ഓവർ ഉണ്ടായിരുന്നത് 8789 കോടി രൂപയാണ്. 2010-11-ൽ ടേൺ ഓവർ 4390 കോടി രൂപ വർദ്ധിച്ചു. 4390 കോടി രൂപ സ്വർണ്ണത്തിന്റെ ടേൺ ഓവർ വർദ്ധിച്ചാൽ മിനിമം 175 കോടി രൂപ നമ്മുടെ നികുതി വരുമാനത്തിൽ വർദ്ധനവ് ഉണ്ടാകണം. എന്നാൽ വർദ്ധനവ് ഉണ്ടായത് കേവലം 62 കോടി രൂപ മാത്രമാണ്. യഥാർത്ഥത്തിലുള്ള ടേൺ ഓവറിന്റെ 4 ശതമാനം കണക്കാക്കിയാൽ 175 കോടി രൂപയുടെ വരുമാന വർദ്ധനവ് 2010-11-ൽ ഉണ്ടാകേണ്ടിയിരുന്നത് 60 കോടി രൂപയായി കുറഞ്ഞു. മാത്രമല്ല, ഈ ടേൺ ഓവർ യഥാർത്ഥമല്ല. കാരണം ആ സാമ്പത്തിക വർഷം മാത്രം 3280 രൂപ ഒരു പവന് വർദ്ധിച്ചു. പവന് വില വർദ്ധിച്ചപ്പോൾ ടേൺ ഓവർ കൂടും. അങ്ങനെ ടേൺ ഓവർ കൂടിയത് ഇവിടെ പ്രതിഫലിക്കുന്നില്ല. അതിനർത്ഥം ടാക്സ് വർദ്ധിപ്പിച്ചപ്പോൾ ബില്ലെഴുതാതെ വിൽപ്പന നടത്തുന്നുവെന്നാണ്. സാധാരണക്കാർ സ്വർണ്ണം വാങ്ങാൻ പോകുമ്പോൾ 4 ശതമാനം ടാക്സ് എന്നുപറയുമ്പോൾ അവർ ബില്ല് വേണ്ടെന്ന് പറയും. സ്വർണ്ണക്കടക്കാരും ബില്ലില്ലാതെ സാധനം കൊടുക്കും. അങ്ങനെ സംസ്ഥാനത്തിന് കിട്ടേണ്ട നികുതി കിട്ടാത്ത സ്ഥിതി വന്നു.

ശ്രീ. റ്റി. എ. അഹ്മദ് കബീർ : സർ, ടാക്സ് ക്രമാതീതമായി വർദ്ധിക്കുമ്പോൾ നികുതി വെട്ടിപ്പിനുള്ള സാധ്യതകൾ വർദ്ധിക്കും. സ്വാഭാവിക

മായും അഴിമതിക്കുള്ള വാതിൽ തുറന്ന് കൊടുക്കുന്നതിനെക്കുറിച്ച് താങ്കളുടെ അഭിപ്രായമെന്താണ്?

ശ്രീ. വി.ഡി. സതീശൻ : ശ്രദ്ധിക്കാതെയുള്ള, അശാസ്ത്രീയമായ നികുതി നിർദ്ദേശങ്ങൾ സർക്കാർ നടപ്പിലാക്കുന്നതുകൊണ്ടാണ് ടാക്സ് വെട്ടിപ്പിനുള്ള വാതിലുകൾ തുറക്കപ്പെടുന്നതെന്ന കാര്യത്തിൽ സംശയമില്ല. 2010-11-ൽ 13,379 കോടി രൂപ ടേൺ ഓവർ ഉണ്ടായിരുന്നത് 2011-12 -ൽ 16,889 കോടി രൂപയായി വർദ്ധിച്ചു. അതായത് ടേൺ ഓവറിൽ 3500 കോടി രൂപയുടെ വർദ്ധനവ് ഉണ്ടായി. യഥാർത്ഥത്തിൽ ഒരു പവന് 5320 രൂപ വർദ്ധനവുണ്ടായി. ഒരു പവന്റെ വില 6000 രൂപയിൽ നിന്ന് 21,000 രൂപയായി വർദ്ധിച്ചു. അതിന് പ്രൊപ്പോഷണൽ ആയിട്ടുള്ള ടേൺ ഓവർ സ്വർണ്ണത്തിന്റെ വിൽപ്പനയിൽ ഉണ്ടാകുന്നില്ല. അതിന് പ്രധാനപ്പെട്ട കാരണം ബില്ലെഴുതാതെ കൊടുക്കുന്നതാണ്, കൂടാതെ ദക്ഷിണേന്ത്യൻ സംസ്ഥാനങ്ങളിൽ 1 ശതമാനം ടാക്സ് നിലനിൽക്കുമ്പോൾ കേരളത്തിൽ 4 ശതമാനം ഈടാക്കുന്നതുകൊണ്ടാണ്. ഇവിടെ കോമ്പൗണ്ടിംഗ് സംവിധാനമാണ്. 4 ശതമാനം കാണിച്ചിട്ട് കോമ്പൗണ്ട് ചെയ്യുന്നതുകൊണ്ടാണ് ഇത്രയും തുക കിട്ടുന്നതെന്നാണ് നികുതി വകുപ്പിന്റെ അവകാശവാദം. പക്ഷേ ടേൺ ഓവർ കാണുന്നില്ല. മാത്രമല്ല ബിസിനസ് മുഴുവൻ അന്യസംസ്ഥാനങ്ങളിലേയ്ക്ക് പോകുന്നു. കേരളത്തിൽ സ്വർണ്ണത്തിന്റെ നികുതി 4 ശതമാനം ആക്കിയതുകൊണ്ട് കേരളത്തിൽ തുടങ്ങേണ്ട പല കടകളും കേരളത്തിൽ ഓപ്പൺ ചെയ്യാതെ തമിഴ്നാട്, കർണ്ണാടകം

തുടങ്ങിയ അയൽ സംസ്ഥാനങ്ങളിലേയ്ക്ക് പോകുന്നു. ബിസിനസ് കേരളത്തിൽ നിന്ന് മാറിപ്പോകുന്നു. അതുകൊണ്ട് ശാസ്ത്രീയമായി പരിശോധിക്കണം. ഞാൻ സ്വർണ്ണത്തിന്റെ നികുതി കുറയ്ക്കണമെന്നല്ല പറയുന്നത്. സ്വർണ്ണം എന്നുപറയുന്നത് സംസ്ഥാനവരുമാനത്തിന്റെ ഏറ്റവും പ്രധാനപ്പെട്ട മാർഗ്ഗമാണ്. ഇവിടെ നടക്കുന്ന സ്വർണ്ണവിൽപ്പനയ്ക്ക് ആനുപാതികമായി നമ്മുടെ സംസ്ഥാനത്തിന് വരുമാനമുണ്ടാകണം; അത് 4 ശതമാനമാക്കുന്നതാണോ 1 ശതമാനമാക്കുന്നതാണോ നമുക്ക് ഗുണകരമെന്ന് ശാസ്ത്രീയമായ പഠനം നടത്തി ഗവൺമെന്റ് തീരുമാനമെടുക്കണം. അതുപോലെ ഇവിടെ ജനറിക് മെഡിസിൻ സൗജന്യമായി വിതരണം ചെയ്യുന്നതിനുവേണ്ടി ലിക്കറിന് 1 ശതമാനം സെസ്സ് ഏർപ്പെടുത്തുന്നതിനെ ഞാൻ സ്വാഗതം ചെയ്യുന്നു. കേരളത്തിൽ സൗജന്യമായി മരുന്ന് കൊടുക്കാൻ കഴിയുകയെന്നത് വളരെ പ്രധാനപ്പെട്ട കാര്യമാണ്. ഗവൺമെന്റിന്റെ ആ നടപടിയെ ഞാൻ സ്വാഗതം ചെയ്യുന്നു. ബഡ്ജറ്റിൽ സോഷ്യൽ സെക്യൂരിറ്റി സെസ്സ് മദ്യത്തിന് 6 ശതമാനത്തിൽ നിന്നും 10 ശതമാനമായി വർദ്ധിപ്പിച്ചിട്ടുണ്ട്. മദ്യത്തിന്റെ സെക്ടറിൽ വില വർദ്ധിപ്പിക്കുന്നതും ടാക്സ് കൂട്ടുന്നതും ശരിയായ സമീപനമാണോ? പല സർക്കാരുകളും ന്യായം പറയുന്നത് മദ്യത്തിന്റെ വില കൂടിയാൽ അതിന്റെ കൺസംപ്ഷൻ കുറയുമെന്നാണ്. എന്ത് കണക്കുവച്ചാണ് മദ്യത്തിന്റെ വില കൂടിയാൽ അതിന്റെ കൺസംപ്ഷൻ കുറയുമെന്ന് പറയുന്നത്; അതിന്റെ പുറകിൽ എന്ത് ശാസ്ത്രീയതയുണ്ട്? മദ്യത്തിന്റെ വില കൂടി എന്നതുകൊണ്ട് ഇന്നലെ വരെ മൂന്ന് പെഗ്ഗ് കഴിച്ചിരുന്ന ആരെങ്കിലും ഇന്ന് രണ്ട് പെഗ്ഗ് ആക്കിയി

ട്ടുണ്ടോ? ആരും ആക്കിയിട്ടില്ല. കേരളത്തിന്റെ ശാപമാണ് അമിതമായ മദ്യപാനം. 400 രൂപ കൂലി കിട്ടിയാൽ 40 രൂപ പോലും ആളുകൾ വീട്ടിൽ കൊടുക്കുന്നില്ല. കേരളത്തിൽ അമിതമായ മദ്യപാനത്തിന്റെ ഏറ്റവും വലിയ ഇരകൾ സ്ത്രീകളും കുട്ടികളുമാണ്. 400 രൂപ കൂലി കിട്ടിയാൽ 40 രൂപ വീട്ടിൽ കൊടുക്കുന്ന സ്ഥാനത്ത് മദ്യത്തിന്റെ വില കൂട്ടിയാൽ മദ്യത്തിന്റെ ഉപയോഗമല്ല കുറയുന്നത്, വീട്ടിൽ കൊടുക്കുന്ന പൈസയിലാണ് കുറവ് വരുന്നത്. അതാണ് യാഥാർത്ഥ്യം. മദ്യത്തിന്റെ വില കൂടുമ്പോൾ സമൂഹത്തിൽ ഉണ്ടാകുന്ന ഇംപാക്റ്റ് ശ്രദ്ധിച്ചിട്ടുണ്ടോ? 400 രൂപ കൂലി വാങ്ങിയിരുന്നത് 500-ഉം 600-ഉം രൂപയാക്കും. തന്നത്താൻ കൂലി നിശ്ചയിക്കുന്ന എല്ലാ മേഖലകളിലും വർദ്ധനവ് ഉണ്ടായിട്ടുണ്ട്. കെട്ടിടനിർമ്മാണ മേഖലയിൽ വലിയ കൂലി വർദ്ധനവ് ഉണ്ടായതായി പരിശോധിച്ചാൽ മനസ്സിലാക്കാം. ഇതുമാത്രമല്ല, മറ്റ് നികുതി നിർദ്ദേശങ്ങൾ കൊണ്ടും കൂലി കൂടും. 350 രൂപ കൂലിയുണ്ടായിരുന്ന കേരളത്തിലെ പല സ്ഥലത്തും വിശ്വസിക്കാൻ കഴിയാത്ത വിധത്തിൽ 700-ഉം 800-ഉം രൂപയായി കൂലി വർദ്ധിച്ചിരിക്കുകയാണ്.

<u>ശ്രീ. ഡൊമിനിക് പ്രസന്റേഷൻ :</u> സർ, ശ്രീ. വി.ഡി. സതീശൻ പറഞ്ഞത് വളരെ ശരിയാണ്. നിർമ്മാണ മേഖലയിൽ ഇപ്പോൾ രണ്ട് അവധിയാണ്. ശനിയാഴ്ച ഉച്ചകഴിഞ്ഞ് പോയാൽ പിന്നെ ചൊവ്വാഴ്ച മാത്രമാണ് പണിക്ക് വരുന്നത്. ഞായറാഴ്ച അവധിയും തിങ്കളാഴ്ച ഹാങ്ഓവർ തീർക്കാനുള്ള അവധിയുമാണ്. ഈ ട്രെൻഡ് അവസാനിപ്പിക്കുന്ന

തിന് ഇപ്പോഴത്തെ വിലകൂട്ടൽ ഒരിക്കലും പ്രയോജനകരമാവില്ലെന്നല്ലേ അങ്ങയുടെ അഭിപ്രായം.

ശ്രീ. വി.ഡി. സതീശൻ : തീർച്ചയായും ഞാൻ അതിനോട് യോജിക്കുകയാണ്. അമിതമയി വില വർദ്ധിപ്പിക്കുന്നത്........മാത്രമല്ല മദ്യത്തിൽ നിന്നുള്ള വരുമാനം ഗവൺമെന്റിന് വേണ്ടെന്ന് തീരുമാനിക്കണം. ഗവൺമെന്റിന്റെ പ്രധാനപ്പെട്ട വരുമാനമായി ആ ഇൻഡസ്ട്രി നില നിൽക്കുകയും ആ ഇൻഡസ്ട്രിയുടെ മേൽ അമിതമായ നികുതിഭാരം അടിച്ചേൽപ്പിക്കുകയും ചെയ്യുന്നത് അശാസ്ത്രീയമാണെന്നാണ് എന്റെ വാദം. ശാസ്ത്രീയമായി ചെയ്തുകൊള്ളൂ. ലിക്കർ നേരത്തേ പറഞ്ഞ പല പ്രോഡക്റ്റുകളേക്കാൾ കൂടുതൽ വരുമാനമുള്ള മേഖലയാണ്. അതു കൊണ്ടാണ് കൂടുതൽ നികുതിചുമത്തുന്നത്. അതുകൊണ്ട് കേരളത്തിലെ മദ്യപാനം കുറയുമെന്ന അവകാശവാദം ശരിയല്ല. നികുതി വർദ്ധിപ്പിക്കുന്നതിന് അങ്ങനെയൊരു റീസണിംഗ് ഇല്ലെന്നുള്ളതാണ് യാഥാർത്ഥ്യം. ഇവിടെ ഫിനാൻസ് ബില്ലിൽ പ്ലാസ്റ്റിക് ക്യാരി ബാഗിനെക്കുറിച്ച് പലരും സൂചിപ്പിച്ചു. അതിന്റെ നികുതി 4 ശതമാത്തിൽ നിന്ന് 20 ശതമാനമായി വർദ്ധിപ്പിച്ചിരിക്കുകയാണ്. 12.5 ശതമാനത്തിൽ നിന്ന് 20 ശതമാനമായി വർദ്ധിപ്പിക്കുന്നുവെന്ന് ഫിനാൻസ് ബില്ലിലും ബഡ്ജറ്റിലും തെറ്റായിട്ടാണ് പറഞ്ഞിരിക്കുന്നത്. പക്ഷേ നിലവിൽ 12.5 ശതമാനമല്ല, 4 ശതമാനം മാത്ര മാണുള്ളത്. അപ്പോൾ ഒരു ഉൽപ്പന്നത്തിന്റെ ടാക്സ് 4 ശതമാനത്തിൽ നിന്നും 20 ശതമാനമായി വർദ്ധിക്കുന്നുവെന്നത് എന്ത് ന്യായമാണ്; പ്ലാസ്റ്റിക് വേണ്ടെന്നാണോ? നിങ്ങൾ ഉദ്ദേശിക്കുന്ന പ്ലാസ്റ്റിക്കല്ല, 30

മൈക്രോണിന് മീതെയുള്ള പ്ലാസ്റ്റിക്കാണ്. കേരളത്തിൽ നിയമം മൂലം നിരോധിക്കപ്പെട്ടിട്ടുള്ള പ്ലാസ്റ്റിക്കല്ല തമിഴ്നാട്ടിലും കർണ്ണാടകയിലുമൊക്കെ ഒരു ശതമാനമാണ് ടാക്സ്. ഇനി ഗവൺമെന്റ് ഉദ്ദേശിക്കുന്നത് പ്ലാസ്റ്റിക് കേരളത്തിൽ വേണ്ട എന്നാണെങ്കിൽ ഈ കമ്പനികളെല്ലാം പൂട്ടിപ്പോകും. കേരളത്തിലെ സ്മാൾസ്കെയിൽ മാനുഫാക്ചറേഴ്സ് എല്ലാം പൂട്ടിപ്പോകും. ഞാൻ നേരത്തെ പറഞ്ഞ ഒരു തിയറിയുണ്ട്. 20 ശതമാനം ടാക്സ് കൊടുത്ത് ഒരു ബിസിനസ്സും കേരളത്തിൽ നടത്താൻ സാധിക്കുകയില്ല. ഒരു ഇൻഡസ്ട്രിയും കേരളത്തിൽ നടക്കില്ല. ലോണും, ലോണിന്റെ ഇന്ററസ്റ്റും, 20 ശതമാനം ടാക്സും ലാഭവും എക്സ്റ്റാബ്ലിഷ്മെന്റ് എക്സ്പെൻസും എല്ലാം കൂടി ആകുമ്പോൾ ഈ കമ്പനികളൊക്കെ പൂട്ടിപ്പോകും. അതോടുകൂടി പ്ലാസ്റ്റിക്ക് മാനുഫാക്ചറേഴ്സ് കേരളത്തിൽ ഇല്ലാതാകും എന്നു പറഞ്ഞാൽ ഞാൻ അതിനോട് പൂർണ്ണമായും യോജിക്കുന്നു. 20 ശതമാനം ടാക്സ് ഈടാക്കുന്ന കേരളത്തിലെ കമ്പനികളെല്ലാം പൂട്ടിപ്പോകുകയും ഒരു ശതമാനം മാത്രം ടാക്സ് ഈടാക്കുന്ന തമിഴ്നാട്ടിലേയും കർണ്ണാടകത്തിലേയും കമ്പനികൾ അവിടെയുള്ള പ്ലാസ്റ്റിക്ക് കേരളത്തിൽ കൊണ്ടുവന്ന് ഡമ്പ് ചെയ്യുകയും ചെയ്യും. അവിടെയുള്ള ബിസിനസ്സുകാർക്ക് കേരളം നല്ല മാർക്കാറ്റാകും. കേരളത്തിലെ ഉത്പാദകർക്ക് അവരുടെ ഇൻഡസ്ട്രി പൂട്ടിപോകേണ്ടിവരും. ഈ ദാരുണമായ അവസ്ഥ ഉണ്ടാകരുത്. ഇപ്പോൾ നിലവിലുള്ള 4 ശതമാനം

നികുതി 5 ശതമാനമാക്കി വർദ്ധിപ്പിച്ച് നിലനിറുത്തണമെന്നാണ് ഞാൻ അഭിപ്രായപ്പെടുന്നത്.

ശ്രീ. എം. എ. ബേബി: സർ, പ്ലാസ്റ്റിക്കിന്റെ മേലുള്ള നികുതിയുമായി ബന്ധപ്പെട്ട് ബഹുമാനപ്പെട്ട അംഗം പറഞ്ഞ കാര്യം ഗൗരവത്തിലെടുക്കേണ്ടതാണ്. എന്നാൽ മലിനീകരണമെന്നുപറയുന്നത് അതീവ ഗുരുതരമായ പ്രശ്നമാണ്. അതുകൂടി അഡ്രെസ്സ് ചെയ്തുകൊണ്ടാണ് ബഹുമാനപ്പെട്ട മന്ത്രി പ്ലാസ്റ്റിക്കിന്റേമേൽ നികുതി ചുമത്തിയിരിക്കുന്നതെന്നാണ് ഞാൻ മനസ്സിലാക്കുന്നത്. എനിക്ക് നിർദ്ദേശിക്കാനുള്ളത് ഇതിന്റെ കൂട്ടത്തിൽ തുണി ബാഗുകൾ, കയറുകൊണ്ടുള്ള ബാഗുകൾ, ചണംകൊണ്ടുള്ള ബാഗുകൾ ഇതിനെല്ലാം സാധ്യതകളുണ്ട്. കയർ വ്യവസായം പരമ്പരാഗത വ്യവസായമാണ്. വീടുകളിലെ ഉപയോഗിച്ചുകഴിഞ്ഞ പാന്റ്സ്, ബെഡ് ക്ലോത്ത് തുടങ്ങിയ തുണികളൊക്കെ തുണിബാഗുകളാക്കി മാറ്റാൻ കഴിയും. അത്തരം സംരംഭങ്ങൾ സ്ത്രീകളുടെ സഹകരണ സംഘങ്ങൾ രൂപവൽക്കരിച്ചുകൊണ്ട് സാധിക്കും. മാലിന്യം വലിയ ഒരു പ്രശ്നമായ സാഹചര്യത്തിൽ തുണികൊണ്ടും കയറുകൊണ്ടും ചണംകൊണ്ടുമൊക്കെയുള്ള ബാഗുകൾ ഉണ്ടാക്കി അത്തരം ബദൽ സംവിധാനം വികസിപ്പിച്ചെടുക്കുമ്പോൾ അതിന് സമ്പൂർണ്ണമായ നികുതി ഇളവ് ബഹുമാനപ്പെട്ട നഗരവികസന വകുപ്പുമന്ത്രിയുടേയും പഞ്ചായത്ത് വകുപ്പുമന്ത്രിയുടേയും പിന്തുണയോടുകൂടി ബഹുമാനപ്പെട്ട ധനകാര്യ വകുപ്പുമന്ത്രി നടപ്പാക്കുന്ന കാര്യം പരിഗണിക്കുമോ എന്നുള്ളതാണ് എനിക്ക് ചോദിക്കാനുള്ളത്.

ശ്രീ. വി. ഡി. സതീശൻ: സർ, ഈ ബഡ്ജറ്റിൽ തന്നെ അത് കൊടുത്തിട്ടുണ്ട്. അതിനോടൊക്കെയുള്ള സമീപനത്തിൽ ഒരുപാട് തെറ്റുണ്ട്. ബഹുമാനപ്പെട്ട എം. എ. ബേബി പറഞ്ഞ കാര്യം ഞാൻ ആദ്യം സൂചിപ്പിച്ചു. അതായത് ഈ പറയുന്ന ഇൻഡസ്ട്രി മുഴുവൻ കേരളത്തിലുള്ളതാണ്. ഈ കമ്പനികളെല്ലാം തന്നെ 30 മൈക്രോണിന് മുകളിലുള്ള പ്ലാസ്റ്റിക്കാണ് ഉൽപ്പാദിപ്പിക്കുന്നത്. അവ ഗവൺമെന്റ് നിരോധിക്കാത്തതാണ്. അത് മാലിന്യ പ്രശ്നങ്ങളോ പാരിസ്ഥിതിക പ്രശ്നങ്ങളോ ഉണ്ടാക്കുന്നതല്ല. അതൊക്കെ വളരെ വ്യക്തമായി പറഞ്ഞിട്ടുണ്ട്. അത് വെയ്സ്റ്റ് വഴിയിൽ ഇടുന്ന ബാഗുകൾപോലുമല്ല. സഞ്ചി കൂട്ടിക്കെട്ടി അതിനകത്ത് വെയ്സ്റ്റിട്ട് റോഡിൽ തള്ളുന്ന 30 മൈക്രോണിന് താഴെയുള്ള പ്ലാസ്റ്റിക്കാണ് ഏറ്റവും അപകടകരമായ പാരിസ്ഥിതിക പ്രശ്നമുണ്ടാക്കുന്നത്. ഇത് ആ റേഞ്ചിൽപ്പെടുന്ന കാര്യമല്ല. മാത്രവുമല്ല ഇതിന് 20 ശതമാനം ടാക്സ് നിലനിറുത്തിയാൽ ഇത് കേരളത്തിൽ ഇല്ലാതാകുകയില്ല. അതാണ് എന്റെ പോയിന്റ്. കേരളത്തിലെ ഇൻഡസ്ട്രികൾ പൂട്ടിപ്പോയാൽ ഒരു ശതമാനം മാത്രം ടാക്സുള്ള തമിഴ്നാട്ടിൽനിന്നും കർണ്ണാടകത്തിൽനിന്നും കേരളത്തിലെ മാർക്കറ്റിലേയ്ക്ക് ഈ പറയുന്ന പ്രോഡക്ടുകൾ മുഴുവൻ ഡമ്പ് ചെയ്യപ്പെടുന്ന ഒരവസ്ഥയുണ്ടാകും. അതുകൊണ്ട് ഗവൺമെന്റ് ഗൗരവകരമായി അത് പരിശോധിക്കണം 5 ശതമാനം ടാക്സാക്കി അതിനെ നിലനിറുത്തണം. അതുപോലെ ഇവിടെ ബേക്കറി ഐറ്റംസിനെക്കുറിച്ച് പറഞ്ഞു ബ്രാന്റ് ചെയ്യുന്ന ബേക്കറി ഐറ്റങ്ങൾക്ക്

ടാക്സ് വർദ്ധിപ്പിച്ചു. ഗവൺമെന്റ് യഥാർത്ഥത്തിൽ സഹായിക്കാൻ വേണ്ടിയാണ് അങ്ങനെ ചെയ്തത്. പക്ഷേ in effect അത് ദോഷം ചെയ്തു. കാരണം മറ്റ് സ്ഥലങ്ങളിൽ നിന്നുവരുന്ന ബേക്കറി പ്രോഡക്ടുകൾ കേരളത്തിലുണ്ടാക്കുന്ന ഐറ്റംസുമായി കോമ്പീറ്റ് ചെയ്യുന്നതിനുവേണ്ടിയിട്ടാണ് ബ്രാന്റഡ് ഐറ്റത്തിന് ടാക്സ് കൂട്ടിയത്.

ശ്രീ. ഹൈബി ഈഡൻ : സർ, ചെറുകിട ബേക്കറികൾ നടത്തുന്ന ആളുകളൾക്ക് ക്വാളിറ്റി പ്രോഡക്ട് കൊടുക്കുന്നതിന്റെ ഭാഗമായിട്ടാണ് ബ്രാന്റിംഗ് നടപ്പാക്കിയത്. പക്ഷേ ഇത് ഏറ്റവും കൂടുതൽ ചെറുകിട കച്ചവടക്കാരെ ബാധിച്ചുവെന്നുള്ളത് അങ്ങയുടെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ?

ശ്രീ. വി. ഡി. സതീശൻ: സർ, ശ്രീ. ഹൈബി ഈഡൻ പറഞ്ഞതിനോട് ഞാൻ പൂർണ്ണമായും യോജിക്കുന്നു. കേരളത്തിലെ ബേക്കറി ഇൻഡസ്ട്രി സ്റ്റഡി ചെയ്യണം. കേരളത്തിലെ ബേക്കറി ഇൻഡസ്ട്രിയിൽ ബിസ്ക്കറ്റ് ഒഴിച്ചിട്ടുള്ള 90 ശതമാനം ഐറ്റംസും ലോക്കൽ മെയിഡാണ്. മറ്റ് സംസ്ഥാനങ്ങളിൽ നിന്നോ, വലിയ കോർപ്പറേറ്റ് കമ്പനികളോ, മൾട്ടിനാഷണൽ കമ്പനികളോ കേരളത്തിലേയ്ക്ക് ഇറക്കുമതി ചെയ്യുന്ന സാധനങ്ങളല്ല ബേക്കറികളിൽ വിറ്റഴിക്കപ്പെടുന്നത്. അത് സ്റ്റഡി നടത്തിയാൽ മനസ്സിലാകും.

മി. സ്പീക്കർ: ബഹുമാനപ്പെട്ട അംഗം അതിനൊരു കാരണമുണ്ട്. ഈ ബേക്കറി ഐറ്റംസ് ഒരുപാട് കാലം ഇരിക്കുന്നതല്ല. ലോക്കൽ മെയിഡ് ഐറ്റംസ് അന്നന്ന് വിറ്റേ മതിയാകൂ.

ശ്രീ. വി. ഡി. സതീശൻ: ശരിയാണ്. പക്ഷേ ബ്രാന്റഡ് ഐറ്റം വാങ്ങാനുള്ള കൺസ്യൂമറിന്റെ താല്പര്യംകൊണ്ട് അത് മാർക്കറ്റ് ചെയ്യുന്നതിനുവേണ്ടി ലോക്കലായിട്ടുള്ള ഐറ്റംസ് തന്നെ അവർ രജിസ്ട്രേഷൻ നടത്തി ബ്രാന്റ് ചെയ്ത് ഇറക്കുകയാണ്. ചെറിയ ബേക്കറികൾപോലും ഒരു ബ്രാന്റ് കിട്ടാൻ വേണ്ടി രജിസ്ട്രേഷൻ നടത്തിയാൽ മതി. അതിന് വലിയ ചെലവില്ല. പണ്ട് അങ്ങനെയല്ല. പണ്ട് വലിയ കമ്പനികളിൽ നിന്ന് വരുന്ന സാധനങ്ങൾ മാത്രമാണ് ബേക്കറികളിൽ വിറ്റഴിക്കപ്പെട്ടിരുന്നത്. ഇപ്പോൾ ബേക്കറി നടത്തുന്നവർ തന്നെ ലോക്കൽ മെയിഡായി അതിനൊരു ബ്രാന്റ് നെയിം കൊടുത്ത് മാർക്കറ്റ് ചെയ്യുകയാണ്. ഈ മേഖലയിൽ പ്രവർത്തിക്കുന്ന 75-80 ശതമാനം ആളുകളും സ്വയം തൊഴിൽ കണ്ടെത്തിയ ആളുകളാണ്. അവർക്ക് അത് നടത്തിക്കൊണ്ടു പോകാൻ കഴിയാത്ത ഒരവസ്ഥയിലേയ്ക്ക് വരും. എല്ലാത്തിനും ടാക്സ് കുറയ്ക്കണമെന്നല്ല ഞാൻ പറയുന്നത്. പക്ഷേ ബേക്കറി ഇൻഡസ്ട്രി തകർന്നുപോയാൽ പിന്നെ നമുക്ക് എവിടെനിന്നാണ് ടാക്സ് കിട്ടുന്നത്. അത് നമ്മൾ ആലോചിക്കണ്ടേ? അതുപോലെതന്നെ ആയൂർവ്വേദത്തിന്റെ കാര്യം ഇവിടെ സൂചിപ്പിച്ചു.

ശ്രീ. പി. സി. വിഷ്ണുനാഥ്: സർ, മുമ്പ് ആയൂർവ്വേദത്തെ കോസ്മെറ്റിക്സ് എന്ന വിഭാഗത്തിൽ പെടുത്തിയിരുന്നു. പിന്നീട് അത് മരുന്നാക്കിയിട്ടൊരു ഭേദഗതി വന്നു. പക്ഷേ മുമ്പ് അവർ ടാക്സ് വാങ്ങിക്കാതെ വിറ്റ സമയത്തെ ടാക്സ്കൂടി ഇപ്പോൾ അടയ്ക്കണമെന്ന വ്യവസ്ഥയെക്കുറിച്ചുകൂടി അങ്ങ് സൂചിപ്പിക്കണം.

ശ്രീ. വി. ഡി. സതീശൻ: സർ, 2009-ൽ ഡ്രഗ്ഗ് ലൈസൻസുള്ള ആയൂർവ്വേദ ഔഷധങ്ങളുടെ ടാക്സ് 12.5 ശതമാനമായി കൂട്ടിയിരുന്നു. പിന്നെ അവർ റെപ്രസെന്റേഷനൊക്കെ നടത്തിക്കഴിഞ്ഞപ്പോൾ അന്നുതന്നെ അത് in principle agreed. ഔഷധങ്ങൾക്ക് 12.5 ശതമാനം ടാക്സ് കൂട്ടുന്നത് ശരിയല്ല എന്നുപറഞ്ഞ് അത് 4 ശതമാനമായി നിജപ്പെടുത്തിയിരുന്നു. 2012 ലെ ബഡ്ജറ്റ് പ്രകാരം 4 ശതമാനമെന്നുള്ളത് 5 ശതമാനമാക്കി നിറുത്തിയിരിക്കുകയാണ്. 13-11-2009 മുതൽ 31-3-2012 വരെയുള്ള കാലയളവിൽ 12.5 ശതമാനം വച്ചുകൊണ്ട് അവർക്കെല്ലാവർക്കും നോട്ടീസയയ്ക്കുകയാണ്. യഥാർത്ഥത്തിൽ അവരത് കളക്ട് ചെയ്യാത്ത നികുതിയാണ്. ഞാൻ അത് സബ്ജക്ട് കമ്മിറ്റിയിൽ അവതരിപ്പിച്ചപ്പോൾ നികുതി വകുപ്പിൽ നിന്ന് പറഞ്ഞ കാര്യം കുറേ ആളുകൾ ടാക്സ് അടച്ചിട്ടുണ്ടെന്നാണ്. പക്ഷേ നെഗ്ലിജിബിൾ മൈനോറിറ്റി മാത്രമാണ് യഥാർത്ഥത്തിൽ ടാക്സ് അടച്ചിട്ടുള്ളത്. അപ്പോൾ ഗവൺമെന്റിന് ഒരു കാര്യം ബോധ്യപ്പെട്ടു, ഡ്രഗ്ഗ് ലൈസൻസുള്ള ആയൂർവ്വേദ ഔഷധങ്ങൾക്ക് 12.5 ശതമാനം ടാക്സ് ഏർപ്പെടുത്തുന്നത് ശരിയല്ല, ഞങ്ങൾ അത് 4 ശതമാനം ആക്കുന്നുയെന്ന് ഗവൺമെന്റ് സമ്മതിച്ചു. ഗവൺമെന്റ് സമ്മതിച്ചതുകൊണ്ടാണ് 4 ശതമാനമാക്കിയത്. അതിന് മുൻകാല പ്രാബല്യം കൊടുക്കാതെ അവർക്ക് നോട്ടീസ് അയച്ചുകഴിഞ്ഞാൽ ഇത്രയും വലിയ തുക ഈ ചെറിയ സ്ഥാപനങ്ങൾ കൊടുക്കേണ്ടിവരിക എന്നുപറ

ഞ്ഞാൽ ആ സ്ഥാപനങ്ങൾ ഇല്ലാതാകുന്നതിനുമാത്രമേ അത് സഹായിക്കുകയുള്ളൂ. അത് ഫോർമലായി ചെയ്യാനുള്ള ഒരു സാങ്കേതിക പ്രശ്നം പരിഹരിക്കാൻ ഇൻപ്രിൻസിപ്പിൾ ഗവൺമെന്റ് എഗ്രീ ചെയ്ത കാര്യം മാത്രമാണ്. അതുകൊണ്ട് ഇവിടെ ടാക്സ് പരമാവധി മേഖലകളിൽ കുറയ്ക്കാൻ ശ്രമിച്ചിട്ടുണ്ട്. ഓരോ ശതമാനം ഓരോ ഷെഡ്യൂളിൽ, അതായത് 4 ശതമാനമെന്നത് 5 ശതമാനമായി, 12.5 ശതമാനമെന്നത് 13.5 ശതമാനമായി. ശ്രീ. എ. കെ. ബാലൻ പറഞ്ഞു ഇവിടെ വിലക്കയറ്റം ഉണ്ടാകുന്നതിന്റെ മുഴുവൻ കാരണം ഒരു ശതമാനം ടാക്സ് കൂട്ടിയതുകൊണ്ടാണെന്ന്. അത് ശരിയല്ല. കേരളത്തിലെ ആളുകൾ ഏറ്റവും കൂടുതൽ വാങ്ങിക്കുന്ന അരിപോലെയുള്ള നിത്യോപയോഗ സാധനങ്ങളുടെ ടാക്സ് 4 ശതമാനത്തിൽനിന്ന് ഒരു ശതമാനമായി കുറച്ചിട്ടുണ്ട്. മാത്രമല്ല VAT – ന്റെ യൂണിഫോമിറ്റി, അയൽ സംസ്ഥാനങ്ങളിലെല്ലായിടത്തും കേന്ദ്ര ഗവൺമെന്റിന്റേയും ഫിനാൻസ് കമ്മീഷന്റേയും ഗവൺമെന്റിന്റേയുമൊക്കെ സമ്മതപ്രകാരം ഒരു ശതമാനം കൂട്ടിയിട്ടുണ്ട്. നേരത്തെ കിട്ടിയിരുന്ന സെൻട്രൽ ടാക്സ് ഇല്ലാതായപ്പോൾ സംസ്ഥാനങ്ങൾക്കുണ്ടായ നഷ്ടം കോമ്പൻസേറ്റ് ചെയ്യുന്നതിനുവേണ്ടി സെൻട്രൽ ഗവൺമെന്റ് മുന്നോട്ടുവച്ച കാര്യമാണ് ഓരോ ഷെഡ്യൂളിലും ഓരോ ശതമാനം കുട്ടുകയെന്നുള്ളത് ദക്ഷിണേന്ത്യയിലെ എല്ലാ സംസ്ഥാനങ്ങളും ഒരു ശതമാനം കൂട്ടിയിട്ടുണ്ട്. യൂണിഫോമിറ്റി വരുത്തിയിട്ടുണ്ട്. തൽക്കാലം ആയിരം കോടി രൂപ അതിൽ നിന്ന് വരുമാനം കിട്ടും.

ഗവൺമെന്റ് പ്രഖ്യാപിച്ച നിരവധി സാമൂഹ്യക്ഷേമ പദ്ധതികൾ ഉൾപ്പെടെയുള്ള കാര്യങ്ങൾ നടപ്പിലാക്കാൻ കഴിയും. അതുകൊണ്ട് ഞാൻ അഭ്യർത്ഥിക്കുന്നത് നമുക്കൊരു പുതിയ നികുതി സമ്പ്രദായം വേണം. ഓരോ നികുതികളും ഏർപ്പെടുത്തുമ്പോൾ അതിനെക്കുറിച്ചുള്ള പഠനങ്ങൾ വേണം. അത് മാർക്കറ്റിലുണ്ടാക്കുന്ന ഇംപാക്ട് എന്താണ് എന്നതിനെക്കുറിച്ചുള്ള ഒരു ഇംപാക്ട് സ്റ്റഡി വേണം. കേരളം ഇൻഡ്യയിലെ എല്ലാ സംസ്ഥാനങ്ങൾക്കും നല്ല ഒരു മോഡലായി, ഏറ്റവും ആധുനികമായ, പരിഷ്കൃതമായ ഒരു നികുതി സമ്പ്രദായമുള്ള ഒരു സംസ്ഥാനമാണ് എന്നുള്ള പേര് ഏറ്റവും പരിചയ സമ്പന്നനായ, അനുഭവ സമ്പന്നനായ അങ്ങ് ധനകാര്യ വകുപ്പുമന്ത്രിയായിരിക്കുമ്പോൾ തന്നെ ഉണ്ടാക്കണം എന്ന് ഞാൻ വിനയപൂർവ്വം അഭ്യർത്ഥിച്ചുകൊണ്ട് ഈ ഭേദഗതി മൂവ് ചെയ്യുന്നു.

* * * * * * * * * * * * * * * *